**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര രൂപയാണ് ഭവന പദ്ധതി വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന 4,00,000/- (നാല് ലക്ഷം) രൂപ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു വരുന്നു. പട്ടികവർഗ്ഗ ഉന്നതികൾക്കുള്ളിലും ഉന്നതികളോടു ചേർന്നു വരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 6,00,000/- (ആറ് ലക്ഷം) രൂപ ലൈഫ് മിഷൻ മുഖേന അനുവദിക്കുന്നുണ്ട്. ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി ആർജിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും പ്രസ്തുത പദ്ധതി പ്രകാരം 6,00,000/- (ആറ് ലക്ഷം) രൂപ അനുവദിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന തുക കുറവായതുമൂലം നിരവധി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് വാങ്ങുന്നതിന് 3,75,000/- (മൂന്നിലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയും, മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് വാങ്ങുന്നതിന് 4,50,000/- (നാല് ലക്ഷത്തി അമ്പതിനായിരം) രൂപയും, കോർപ്പറേഷൻ പരിധിയിൽ 6,00,000/- (ആറ് ലക്ഷം) രൂപയും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിക്കുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിന് ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല. എന്നാൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി ജില്ലാ കളക്ടർമാർ മുഖേന വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നു. ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയും ഭൂരഹിത ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നുണ്ട്. കൂടാതെ ഭവന പൂർത്തീകരണത്തിനായി പട്ടികജാതി വിഭാഗങ്ങൾക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2,50,000/- (രണ്ടര ലക്ഷം) രൂപയും അനുവദിക്കുന്ന സേഫ് പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | എങ്കിൽ ഇതു പരിഹരിക്കാൻ പ്രസ്തുത പദ്ധതിയിൻകീഴിൽ അനുവദിക്കുന്ന തുക ഭൂരഹിതർക്ക് 15 ലക്ഷവും ഭവനരഹിതർക്ക് 10 ലക്ഷവും ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ